## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 204** **27.06.2011 ലെ മറുപടിക്ക്**

### നികുതി വരുമാനം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.ടി.എം.തോമസ് ഐസക് :<br>ശ്രീ.കെ.രാധാകൃഷ്ണൻ :<br>ശ്രീ.രാജു എബ്രഹാം :<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സാമ്പത്തിക വർഷം ചെലവിനുള്ള വരുമാനം ഏതെല്ലാം നിലയിൽ കണ്ടെത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കുമോ ; | (എ), (ബി) & (സി) | വിൽപന നികുതി സമ്പ്രദായത്തിൽ നിന്ന് മൂല്യവർദ്ധിത സമ്പ്രദായത്തിലേക്ക് സംക്രമിച്ചതിന്റെ ഫലമായുണ്ടായ സ്വാഭാവിക നികുതി വരുമാന വർദ്ധനവല്ലാതെ നിലവിലുള്ള നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് മുൻ സർക്കാർ സ്വീകരിച്ച ടാക്സ് എഫർട്ട് തികച്ചും അഭികാമ്യമായിരുന്നില്ല. ആ നിലപാട് തിരുത്തിക്കൊണ്ട് ടാക്സ് എഫർട്ട് പരമാവധി വർദ്ധിപ്പിക്കുക എന്നതായിരിക്കും ഈ സർക്കാരിന്റെ നയം. അതിന് അനുയോജ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ബി) | നികുതി നിരക്കുകൾ ഉയർത്താതെയും ബല പ്രയോഗം കൂടാതെയും സർവ്വകാല റെക്കോർഡിൽ നികുതി വരുമാന വർദ്ധന നേടാൻ മുൻ സർക്കാർ അനുവർത്തിച്ച നയം തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ ; | | |
| (സി) | എങ്കിൽ ആ ദിശയിലുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ; | | |

| | | | |
|---|---|---|---|
| (ഡി) | 2005-06 ൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം എത്രയായിരുന്നു ; 2010-11 ലെ തനത് നികുതി വരുമാനം എത്രയാണ് ; | (ഡി) | 2005- 06 ൽ വാണിജ്യ നികുതി വരുമാനം 6983,25 കോടി രൂപയായിരുന്നു. 2010-11 ലെ വാണിജ്യ നികുതി വരുമാനം 16155.93 കോടി രൂപയാണ്. |
| (ഇ) | 2005 -06 ലെ വാറ്റ് നികുതി വരുമാനം എത്രയായിരുന്നു ; 2010 -11 ലെ വാറ്റ് നികുതി വരുമാനം എത്രയാണ് ; | (ഇ) | 2005 -06 ലെ വാറ്റ് നികുതി വരുമാനം 3321.98 കോടി രൂപയായിരുന്നു. 2010 -11 ലെ വാറ്റ് നികുതി വരുമാനം 8395.54 കോടി രൂപയാണ്. |
| (എഫ്) | സംസ്ഥാനത്ത് തനത് നികുതി വരുമാനത്തിൽ 2001-06 കാലത്ത് ശരാശരി വാർഷിക വളർച്ച എത്രയായിരുന്നു ; 2006-11 കാലത്ത് ഇത് എത്രയായിരുന്നുവെന്ന് വെളിപ്പെടുത്താമോ ? | (എഫ്) | സംസ്ഥാനത്ത് വാണിജ്യ നികുതി വരുമാനത്തിൽ 2001-06 കാലത്ത് ശരാശരി 10% വാർഷിക വളർച്ചാ നിരക്ക് ഉണ്ടായി. 2006-2011 കാലത്ത് വിൽപന നികുതിയിൽ നിന്ന് മൂല്യവർദ്ധിത നികുതി സമ്പ്രദായത്തിലേക്കുള്ള സംക്രമണ ഫലമായുണ്ടായ വരുമാന വർദ്ധനയെത്തുടർന്ന് വളർച്ചാ നിരക്ക് 18 % ആയി വർദ്ധിച്ചു. |

സെക്ഷൻ ഓഫീസർ